STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.485/PR/SPMC/PHQ/2026 Date:13.10.2026

# പത്രക്കുറിപ്പ്

## രാഷ്ട്രീയ ഏകത ദിവസ്: ലഹരിക്കെതിരെ മോട്ടോർസൈക്കിൾ റാലി

## സംസ്ഥാന പോലീസ് മേധാവി

## ഫ്ളാഗ് ഓഫ് ചെയ്തു

ഇക്കൊല്ലത്തെ രാഷ്ട്രീയ ഏകതാ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കേരള പോലീസ് ടീമംഗങ്ങളുടെ മോട്ടോർസൈക്കിൾ റാലിയുടെ ഫ്ളാഗ് ഓഫ് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ നിർവ്വഹിച്ചു.

പോലീസിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മുന്നേറ്റം കുറിച്ച 'ഓപ്പറേഷൻ തൂഫാൻ'ന്റെ സന്ദേശ പ്രചാരണം കൂടി ലക്ഷ്യമിട്ട്, കേരളാ പോലീസിലെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ (SOG) കമാൻഡോ വിഭാഗം സേനാംഗങ്ങളാണ് കേരളത്തിൽ നിന്നുള്ള സംഘത്തിലുള്ളത്.

______ഒക്ടോബർ 31നാണ് രാജ്യത്തുടനീളം ദേശീയ ഏകതാ ദിനം (രാഷ്ട്രീയ ഏകതാ ദിവസ്) ആഘോഷിക്കുന്നത്. 'ലഹരിക്കെതിരെ പോരാടുക' (FIGHT AGAINST DRUGS) എന്ന സന്ദേശത്തെ ആസ്പദമാക്കി രാജ്യത്തുടനീളമുള്ള യുവാക്കളെ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക എന്നതാണ് റാലിയുടെ ലക്ഷ്യം.

നോർത്ത് സോൺ, സെൻട്രൽ സോൺ, സൗത്ത് സോൺ, നോർത്ത് ഈസ്റ്റ് സോൺ എന്നിങ്ങനെ നാല് സോണുകളായി തിരിച്ചാണ് റാലി സംഘടിപ്പിക്കുന്നത്.

വിവിധ സംസ്ഥാന പോലീസ് സേനകൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര സായുധ പോലീസ് സേനകൾ (CAPF), മറ്റ് കേന്ദ്ര പോലീസ് സംഘടനകൾ (CPO) എന്നിവരുടെ ടീമുകൾ അതത് സംസ്ഥാന തലസ്ഥാനങ്ങളിൽ നിന്നും ആസ്ഥാനങ്ങളിൽ നിന്നും യാത്ര ആരംഭിക്കും. ഓരോ ടീമിലും റോയൽ എൻഫീൽഡ് (350 ബുള്ളറ്റ് / ക്ലാസിക്) മോട്ടോർസൈക്കിളുകളിൽ 5 റൈഡർമാർ വീതം ഉണ്ടായിരിക്കും.

എല്ലാ സോണുകളിൽ നിന്നുമുള്ള സംഘങ്ങൾ ഒക്ടോബർ 26, 27 തീയതികളിലായി ഗുജറാത്തിലെ ഏകതാ നഗറിൽ സംഗമിക്കും. ഒക്ടോബർ 29ന് നടക്കുന്ന ഫുൾ ഡ്രസ്സ് റിഹേഴ്സലിന് ശേഷം, ഒക്ടോബർ 31ന് നടക്കുന്ന പ്രധാന ദേശീയ ഏകതാ ദിന പരേഡിലെ പ്രത്യേക റൈഡ് പാസ്റ്റിൽ (Ride Past) എല്ലാ റൈഡർമാരും പങ്കെടുക്കും.

റാലി കടന്നുപോകുന്ന വഴികളിൽ പ്രാദേശിക പോലീസിന്റെ സഹകരണത്തോടെ കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ,

എൻ.സി.സി, എൻ.എസ്.എസ് കേഡറ്റുകൾ, യുവാക്കൾ, പൊതുജനങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.

പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എഡിജിപി മാരായ ബൽറാം കുമാർ ഉപാദ്ധ്യായ, എച്ച്. വെങ്കടേഷ് , പി. വിജയൻ, പോലീസ് ആസ്ഥാനം ഐ.ജി. ഹർഷിത അത്തലൂരി, മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, സി.ആർ.പി.എഫ് ഡി.ഐ.ജി, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*******************************************


KERALA POLICE
RASHTRIYA EKTA DIWAS-2026


KERALA POLICE
RASHTRIYA EKTA DIWAS-2026


AMBULANCE
POLICE
KL 01 BW 3540